K16U 1148

Reg. No.: ..............................

Name : ..................................

**II Semester B.Sc.LRP/B.C.A./B.S.W. Degree (CCSS – Reg./Supple./Improve.) Examination, May 2016**
**COMMON COURSE IN MALAYALAM**
**2A08 2MAL : സാഹിത്യവിഭാഗങ്ങൾ** Sahitha vibhagangal
**(2014 Admn. Onwards)**

Time : 3 Hours                                                                 Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ''അച്ചണ്ട വെന്തിഞ്ഞ ഇന്നാ ! ഏൻ പയേ കണ്ടങ്ങോരനായിട്ടു തന്നെ ചീവിച്ചോളാം'' – കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്ന ദളിത് പരിപ്രേക്ഷ്യം വിശദീകരിക്കുക.

2) വർത്തമാനകാല ജീവിതത്തിന് നേരെയുള്ള താജിന്റെ ചിരിയിലെ കണ്ണീരും തീയും 'രാവുണ്ണി'യെ ആസ്പദമാക്കി വിശദീകരിക്കുക.

3) ഉത്പത്തി പുസ്തകം മുതൽ ചർച്ച ചെയ്യപ്പെടുന്ന മനുഷ്യന്റെ അനാദിയായ ആവേശങ്ങളിൽ പെട്ട് തകർന്നുടയുന്ന മനുഷ്യന്റെ തന്നെ കഥയാണ് ''ആയുസ്സിന്റെ പുസ്തകം'' – പരിശോധിക്കുക.

4) 'പ്രാഞ്ചിയേട്ടൻ' എന്ന തിരക്കഥയുടെ ആഖ്യാന തന്ത്രങ്ങൾ വിശദീകരിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) 'പഴയ ശ്മശാനങ്ങൾക്കു മുകളിലായി ഒരു പുതിയ ഫാക്ടറിയും ഒരു പുതിയ ജനപദവും ഉയർന്നുവന്നു'. ഇവിടെ സാക്ഷിയാക്കപ്പെട്ടവന്റെ വേദനകൾ വിശദീകരിക്കുക.

6) ''എണ്ണത്തമ്പാനേണ്ണു വിളിക്കാൻ മനസ്സ് തൊണ്ടേ വർത്തമാനം പറഞ്ചാമതി.'' – ഇപ്രകാരം പറയാനുണ്ടായ കാരണമെന്ത് ?

7) ''എടാ തിരുമണ്ടാ, എന്റെ നിഴലു കണ്ടാൽ പരിചയക്കാര് പുതിയ വഴിയുണ്ടാക്കി പായും. പൊന്നുമോനല്ലേ മിടുക്കനല്ലേ... അച്ഛൻ പോട്ടെ.'' – സന്ദർഭമെഴുതി വിശദീകരിക്കുക.

8) 'സന്തോഷത്തോടെ നോക്കുമ്പോൾ ഞെട്ടലോടെ കണ്ടു; ഭാര്യയുടെ കഴുത്തിൽ സ്വർണ്ണമാല ഇല്ല' – വിശദീകരിക്കുക.

P.T.O.

9) ‘ആയുസ്സിന്റെ പുസ്തകത്തിലെ’ ‘സാറാ’ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

10) യു. കെ. കുമാരന്റെ കഥകളെക്കുറിച്ച് ഉപന്യസിക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) മാണിക്കൻ എന്ന കഥയിലെ പ്രമേയവുമായി സാമീപ്യമുള്ള ഇതര കൃതികൾ പരിചയപ്പെടുത്തുക.

12) ‘‘പിന്നെ സംഭവിച്ചതൊന്നും ആലോചനയോടെയല്ല. താനേ കയറിന്റെ തുമ്പെടുത്ത് കോവണിയുടെ അഴിയിൽ കെട്ടി. എന്നിട്ട് രണ്ടു കൈകൊണ്ടും കയറിൽ പിടിച്ചു ചവിട്ടിച്ചവിട്ടിയങ്ങു കയ്യറി.’’ – വിശദീകരിക്കുക.

13) ‘പ്രാഞ്ചിയേട്ടനി’ലെ പോളി എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) മേരിയും നൈനാച്ചനും തമ്മിലുള്ള ബന്ധം, ജീവിതത്തിൽ ചതിക്കപ്പെടുന്ന സ്ത്രീത്വത്തെ വെളിപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കുക.

15) ‘‘അന്നെന്നെ കുടിയിറക്കിയ അതേ ആവേശത്തോടെ ഇന്നെന്തിനാണെന്നെ കുടിയിരുത്തുന്നത് ?’’ – സന്ദർഭം വിശദമാക്കുക.

16) ‘‘ഹ! ചുമ്മാ മുണ്ടാണ്ടിരിയെടാ കണ്ടങ്ങാരാ, എണ്ട മകള് ചക്കിക്ക പെലേനല്ലേ നി’’ – സന്ദർഭമേത് ? വിശദമാക്കുക. **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ബഷീറിന്റെ ‘നീലവെളിച്ചം’ എന്ന കഥയിൽ നിന്നും പുനഃസൃഷ്ടിക്കപ്പെട്ട ചലച്ചിത്രമേത് ?

18) ഗാന്ധിജിയെക്കുറിച്ച് ‘അഭിനവ പാർത്ഥസാരഥി’ എന്ന രചനയിലൂടെ മലയാള സാഹിത്യത്തിലേക്ക് കടന്നുവന്ന കഥാകാരിയാര് ?

19) പ്രാഞ്ചിയേട്ടനിലെ ‘വാസുമേനോൻ’ എന്ന കഥാപാത്രത്തെ സിനിമയിൽ അവതരിപ്പിച്ച നടനാര് ?

20) ‘വൃക്ഷത്തെ ഇരുട്ട് വലയം ചെയ്തു നിന്നു. ഇരുണ്ട ശിഖരത്തിൽ നിന്ന് ഒരിലപോലെ ഞാന്നു കിടന്നപ്പോൾ അഗാധമായ ഉറക്കം അയാളുടെ മേൽ വീണു. അങ്ങനെ അയാൾ തന്റെ ജനത്തോടു ചേർന്നു’. ആരാണിപ്രകാരം ചെയ്തത് ?

21) ‘‘കരിയുമ്പോൾ വെരകാൻ കയിലേ ശേഷിക്കുകയുള്ളു എന്ന പരമാർത്ഥം മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ആ മിഥ്യാഭിമാനിക്കില്ലാതെപോയി’’ – മിഥ്യാഭിമാനിയാര് ?

22) ‘‘ഒന്നു പതുക്കെ കുലുക്ക്.... പോസ്റ്റുമോർട്ടം അവരെല്ലാം വാരിക്കുത്തി നിറച്ചതാ’’. ഏത് കൃതിയിലെ വാക്യം ?

23) ‘പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി.’ എന്നത് ആരുടെ കഥയാണ് ?

24) ‘പോലീസുകാരന്റെ പെണ്മക്കൾ’ എന്ന കഥയെഴുതിയതാര് ? **(6×1=6)**

---

K17U 0973

Reg. No.: ..............................

Name : ..................................

# II Semester B.A./B.Sc. Degree (CBCSS – Reg./Supple./Imp.) Examination, May 2017
# COMMON COURSE IN MALAYALAM
# 2A 08 MAL : Gadya Roopangal
# (2014-15 Admns.)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ''മുകളിലുദ്ധരിച്ചതുപോലുള്ള അത്രയധികം പദ്യങ്ങൾ അതിലേക്കുള്ള രണ്ടാം തെളിവു മാത്രമാണ് ''. മാരാർ തെളിവു നൽകുന്നതെന്തിന് ? ചർച്ച ചെയ്യുക.

2) സി. എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി'യുടെ രചനാപരമായ പ്രത്യേകതകൾ സംഗ്രഹിക്കുക.

3) പാരിസ്ഥിതിക വിഷയങ്ങൾ നോവലിന്റെ ആഖ്യാനകലയിൽ വിജയം കണ്ടതിന്റെ ഫലമാണ്. 'എൻമകജെ' എന്ന നോവൽ – ചർച്ച ചെയ്യുക.

4) മാനവികതയുടെ തെളിമയുള്ള ആൾരൂപമാണ് 'ഡോ. വി. പി. ഗംഗാധരൻ' – പരിശോധിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''എന്തു നമ്മെക്കുറിച്ചോർത്തി, –
തെന്തൊരിഷ്ടം വരിച്ചുവോ,
അതിപ്പോഴേ ഫലപ്പെട്ടു
കൈകേയിക്കാശു ലക്ഷ്മണ !'' – വിശദീകരിക്കുക.

6) ലങ്കാലക്ഷ്മിയിലെ 'സുപാർശ്വൻ' എന്ന കഥാപാത്രത്തിന്റെ നിലപാട് വിശദീകരിക്കുക.

7) എൻമകജെ എന്ന നോവലിലെ കഥാപാത്രങ്ങൾ സൂചിപ്പിക്കുന്ന സാമൂഹികതലം വിശദീകരിക്കുക.

8) ''ശാസ്ത്രത്തെ വെല്ലുവിളിക്കുന്ന പലതരം കാൻസറും ഞാൻ ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. പക്ഷേ ഈ കാൻസറിനുള്ള ചികിത്സ എനിക്കു വശമില്ല.'' ഏതാണാ കാൻസർ ? സന്ദർഭം വിശദീകരിക്കുക.

P.T.O.

9) ''എന്റെ ചേച്ചിയാണ്. ഗുജറാത്തിലായിരുന്നു. അവിടെവെച്ചാണ് ഡയഗ്നോസ് ചെയ്തത്'' – അവരുടെ അവസ്ഥ വിശദീകരിക്കുക.

10) ''നായകന്റെ ചിത്തശുദ്ധി അനുയായികളുടെ ശക്തിയാണ്'' – വിശദീകരിക്കുക.

(4×3=12)

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) ''വികാസത്തിന്റേയും വിനാശത്തിന്റേയും ബീജം ഒന്നുതന്നെയാണല്ലോ'' – സന്ദർഭം വിശദീകരിക്കുക.

12) ''അച്ഛാ! ശത്രു കോട്ടയ്ക്കു വെളിയിൽ നിൽക്കുമ്പോൾ ഉറ്റവർ പിരിയുന്നതു സൂക്ഷിക്കണം'' – ആരാണ് പിരിയുന്നത് ? വിശദീകരിക്കുക.

13) 'ആ അന്തഃഛിദ്രമോ, സൂര്യവംശ രാജാക്കന്മാരുടെ മോലോച്ഛേദത്തിനുതന്നെ കാരണവുമായേക്കും'. എപ്പോൾ ? സന്ദർഭമെഴുതുക.

14) ''എനിക്കൊന്നും ആലോചിക്കാനില്ല ഡോക്ടർ. എന്ത് ചെലവ് വന്നാലും ഞാൻ ദേവിയെ ചികിത്സിപ്പിക്കും'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

15) 'എന്മകജെ'യിലെ ഭാഷാപരമായ പ്രത്യേകതകൾ കുറിക്കുക.

16) 'വെങ്കിടരാജു' എന്ന മനുഷ്യന്റെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പെഴുതുക.

(4×2=8)

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'കാഞ്ചനസീത' എന്ന കൃതി എഴുതിയതാര് ?

18) 'കൊമേഴ്സ്യൽ ബ്രേക്ക്' എന്ന കൃതി എഴുതിയതാര് ?

19) 'എനിക്ക് സ്വയം ഒരു തീരുമാനം എടുക്കാൻ വയ്യ' എന്ന് ഡോക്ടറോട് പറഞ്ഞതാര് ?

20) പ്രധാനമായും ഏത് വിഷലായനിയെയാണ് 'എന്മകജെ' വിമർശിക്കുന്നത്?

21) മാരാർ മഹാഭാരതത്തെ ആസ്പദമാക്കി രചിച്ച കൃതിയേത് ?

22) 'എന്നെബ്ബന്ധിച്ചയോദ്ധ്യേശ –
നാക നീ തന്നെ രാഘവ !' – എന്ന് പറയുന്നതാര് ?

23) 'താരയുടെ മകനേ ഇതു ചെയ്യാൻ കഴിയൂ'. താരയുടെ മകൻ ആര് ?

24) ''ഞാൻ ഈ പീഠത്തിൽ ഇരിക്കുന്നില്ല. ഇതു നിനക്കു മാത്രമുള്ളതാണ്'' ആരാണിങ്ങനെ പറയുന്നത് ?

(6×1=6)